# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 28**

---

## കോഴ്സ് മെൻറർ; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഓൺലൈൻ എജ്യുക്കേഷനിൽ ഓൺലൈൻ എം.കോം പ്രോഗ്രാമിന് കോഴ്സ് മെൻററുടെ താൽക്കാലിക തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഇ/ബി/ടി(ഈഴവ/ബില്ലവ/തിയ്യ) വിഭാഗത്തിലെ ഒരൊഴിവിലേക്ക് ഒരു വർഷത്തേക്കാണ് നിയമനം. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ മൂന്നു വർഷം വരെ സേവനം ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്.

കുറഞ്ഞത് 55 ശതമാനം മാർക്കോടെ എം.കോം, യു.ജി.സി/സി.എസ്.ഐ.ആർ -നെറ്റ് അല്ലെങ്കിൽ പി.എച്ച്.ഡി യോഗ്യതയുള്ളവർക്ക് (യു.ജി.സി ഒ.ഡി.എൽ,ഒ.എൽ റെഗുലേഷൻ 2020 മാനദണ്ഡങ്ങൾക്ക് വിധേയം) അപേക്ഷിക്കാം.

പ്രതിദിനം 1750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43750 രൂപ ആണ് വേതനം(സർവകലാശാലാ ഗസ്റ്റ് അധ്യാപകരുടേതിന് തുല്യമായ വേതനം). പ്രായപരിധി 2024 ജനുവരി ഒന്നിന് 50 വയസ്.

താൽപര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം വിജ്ഞാപന തീയതി മുതൽ 10 ദിവസത്തിനകം രീല@ാഴൗ.മര.ശി എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കണം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/205/2024)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ ബി.പി.എഡ്(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2016,2017,2018,2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 20ന് ആരംഭിക്കും.

മാർച്ച് അഞ്ചു വരെ ഫീസ് അടച്ച് പരീക്ഷയ്ക്ക് അപേക്ഷിക്കാം. മാർച്ച് ആറിന് ഫൈനോടു കൂടിയും മാർച്ച് ഏഴിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.................................

അഫിലിയേറ്റഡ് കോളജുകളിലെ അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽഎൽബി(2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി), ത്രിവത്സര എൽഎൽബി(2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് 26 മുതൽ നടക്കും.
മാർച്ച് 11 വരെ ഫീസ് അടച്ച് പരീക്ഷകൾക്ക് അപേക്ഷിക്കാം. മാർച്ച് 13 വരെ ഫൈനോടു കൂടിയും മാർച്ച് 14ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/206/2024)

## ബി.ആർക്ക്; ഇൻറേണൽ അസെസ്സ്മെൻറ് റീ-ഡു

ബി.ആർക്ക്(2013 അഡ്മിഷൻ മുതൽ) കോഴ്സിൽ അഞ്ചു വർഷം റഗുലർ പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് തിയറി/ലാബ്/വൈവ വോസി പരീക്ഷകളുടെ പരാജയപ്പെട്ട ഇൻറേണൽ റീ-ഡു അസെസ്സ്മെൻറിന് ഒരു അവസരം കൂടി.
മാർച്ച് 14 വരെ അപേക്ഷ നൽകാം. വിദ്യാർഥികൾ ഒരു പേപ്പറിന് 2320 രൂപ നിരക്കിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/207/2024)

## പ്രാക്ടിക്കൽ

ഒന്നാം വർഷ ബിഎഫ്എ(2023 അഡ്മിഷൻ റഗുലർ, 2016-2022 അഡ്മിഷൻ സപ്ലിമെൻററി), അവസാന വർഷ(2020 അഡ്മിഷൻ റഗുലർ, 2016-2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് 11 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ
.............................

ആറാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി പ്രോഗ്രാം ഇൻ ബേസിക് സയൻസസ്-കെമിസ്ട്രി(2020 അഡ്മിഷൻ റഗുലർ - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് അഞ്ചു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/208/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ ബിപിഇഎസ്(2022 അഡ്മിഷൻ റഗുലർ, 2016-2021 അഡ്മിഷനുകൾ

റീഅപ്പിയറൻസ് - ഓഗസ്റ്റ് 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 12 വരെ ഓൺലൈനിൽ അപേക്ഷിക്കാം.
...............................

സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും, 2020 അഡ്മിഷൻ സപ്ലിമെൻററി - പുതിയ സ്കീം), (20152019 അഡ്മിഷനുകൾ സപ്ലിമെൻററി, 2013-2014 അഡ്മിഷൻ മെഴ്സി ചാൻസ് - പഴയ സ ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മാർച്ച് 13 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/209/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**